"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതു വിദ്യാഭ്യാസ വകുപ്പ് - പാലക്കാട് ജില്ലയിലെ കരിങ്ങനാട് കെ.എം.എ.എൽ.പി. സ്കൂളിലെ ലോവർ പ്രൈമറി സ്കൂൾ ടീച്ചർ തസ്തികയിൽ സേവനം അനുഷ്ഠിക്കുന്ന ശ്രീമതി. ഷമീമ കെ.റ്റി. ഫയൽ ചെയ്ത WP(C)No.7090/2024-ന്മേൽ ബഹുമാനപ്പെട്ട ഹൈക്കോടതി പുറപ്പെടുവിച്ച 26.02.2024-തീയതിയിലെ വിധിന്യായം നടപ്പിലാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

പൊതുവിദ്യാഭ്യാസ (ബി) വകുപ്പ്

**സ.ഉ.(സാധാ) നം.4255/2024/GEDN    തീയതി,തിരുവനന്തപുരം, 08-07-2024**

പരാമർശം:-

1. പാലക്കാട് ജില്ലയിലെ കരിങ്ങനാട് കെ.എം.എ.എൽ.പി. സ്കൂളിലെ ലോവർ പ്രൈമറി സ്കൂൾ ടീച്ചർ ശ്രീമതി. ഷമീമ കെ.റ്റി. സർക്കാരിൽ സമർപ്പിച്ച 19/01/2023 തീയതിയിലെ പരിശോധനാ ഹർജി(Ext.P4).
2. ബഹു. കേരള ഹൈക്കോടതിയുടെ W.P.(C) No. 7090/2024-ന്മേലുള്ള 26.02.2024 തീയതി വിധിന്യായം.
3. പട്ടാമ്പി ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 24/04/2024 തീയതിയിലെ എഫ്/288/2024 നമ്പർ കത്ത്.
4. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 27/04/2024 തീയതിയിലെ ജി1/8133/2024/ഡിജിഇ നമ്പർ കത്ത്.

**ഉത്തരവ്**

പാലക്കാട് ജില്ലയിലെ കരിങ്ങനാട് കെ.എം.എ.എൽ.പി. സ്കൂളിലെ ലോവർ പ്രൈമറി സ്കൂൾ ടീച്ചർ തസ്തികയിൽ സേവനം അനുഷ്ഠിക്കുന്ന ശ്രീമതി. ഷമീമ കെ.റ്റി. ഫയൽ ചെയ്ത WP(C) 7090/2024-ന്മേൽ ബഹു. കേരള ഹൈക്കോടതി പുറപ്പെടുവിച്ച പരാമർശം 2 വിധിന്യായത്തിൽ ഹർജിക്കാരി സർക്കാരിൽ സമർപ്പിച്ച പരാമർശം 1 (Ext.P4) പുന:പരിശോധനാ ഹർജി ഹർജിക്കാരിയെയും ബന്ധപ്പെട്ട കക്ഷികളെയും നേരിൽ കേട്ട് തീർപ്പാക്കാൻ ടി റിട്ട് ഹർജിയിലെ ഒന്നാം എതിർകക്ഷിയായ പൊതുവിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിക്ക് നിർദ്ദേശം നൽകിയിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ, ബന്ധപ്പെട്ട കക്ഷികളെ 29.4.2024-ൽ ഗൂഗിൾ മീറ്റ് മുഖാന്തരം കേൾക്കുകയുണ്ടായി.

**2. ഹർജിക്കാരിയായ ശ്രീമതി. ഷമീമ കെ.ടി.യുടെ അപേക്ഷ ഇപ്രകാരമാണ് :**

പൊതുവിദ്യാഭ്യാസ (ജെ) വകുപ്പ് ഇറക്കിയ സ.ഉ.(പി)നമ്പർ.29/2016/പൊ.വി.വ തീയതി 29.01.2016 പ്രകാരം അധ്യാപക/അനധ്യാപകരുടെ സംരക്ഷണം സംബന്ധിച്ച നിർദ്ദേശങ്ങളിൽ 4-ാം നമ്പർ നിർദ്ദേശത്തിൽ പറയുന്ന പ്രകാരം റിട്രെഞ്ച്ഡ് അധ്യാപികയായ എനിക്ക് പ്രസ്തുത കാലയളവിൽ (15.07.2009 മുതൽ 21.06.2012 വരെ) പെൻഷനും മറ്റു സർവ്വീസ് ആനുകൂല്യങ്ങൾക്കും പരിഗണിക്കുവാൻ വിനയപുരസ്സരം അപേക്ഷിക്കുന്നു.

**3. പട്ടാമ്പി ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ ഇപ്രകാരം റിപ്പോർട്ട് ചെയ്തിരിക്കുന്നു:**

കരിങ്ങനാട് കെ.എം.എൽ.പി.സ്കൂളിലെ എൽ.പി.എസ്.ടി ആയ ശ്രീമതി.ഷമീമ കെ.ടി. 02/06/2003-നാണ് തുടർച്ചയായി സേവനത്തിൽ പ്രവേശിച്ചിരിക്കുന്നത്. പിന്നീട് 2009-10 അധ്യയന വർഷത്തിലെ തസ്തികനിർണ്ണയത്തിൽ ഒരു എൽ.പി.എസ്.ടി. തസ്തിക നഷ്ടപ്പെട്ടതിനെ തുടർന്ന് ടിയാരിക്ക് നിലനിൽക്കാൻ തസ്തിക ഇല്ലാത്തിനാലും സംരക്ഷണത്തിന് അർഹതയില്ലാത്തതിനാലും 15/07/2009-ന് സേവനത്തിൽ നിന്നും പുറത്ത് പോകുകയാണ് ഉണ്ടായത്. (തസ്തികനിർണ്ണയ ഉത്തരവ് നം.ഡിഡി/3177/09 തീയതി 28/07/09 എ.ഇ.ഒ. പട്ടാമ്പി). പിന്നീട്, വിദ്യാഭ്യാസ ഉപഡയറക്ടറുടെ 21/06/2012-ലെ ബി3/16084/2012 ഉത്തരവ് പ്രകാരം ടിയാരിയെ ക്ലസ്റ്റർ കോർഡിനേറ്റർ ആയി പട്ടാമ്പി ബി.ആർ.സി.യിൽ നിയമിച്ച് ഉത്തരവാകുകയുണ്ടായി. മേൽ സാഹചര്യത്തിൽ, ശ്രീമതി.ഷമീമ കെ.ടി.യുടെ തസ്തിക നഷ്ടപ്പെട്ട തീയതിയായ 15/07/2009 മുതൽ ക്ലസ്റ്റർ കോ-ഓർഡിനേറ്റർ ആയി സേവനം ആരംഭിക്കുന്ന 21//06/2012 വരെയുള്ള കാലയളവ് സ.ഉ.(കൈ)നം.119/2018/പൊ.വി.വ. തീയതി 23/08/18 ഖണ്ഡിക(2), സർക്കാർ പരിപത്രം നം.ജെ2/48/18/പൊ.വി.വ. തീയതി 24/10/18 ഖണ്ഡിക (1) എന്നിവയിലെ വ്യവസ്ഥകൾക്ക് വിധേയമായി ശൂന്യവേതനാവധിയായി കണക്കാക്കുകയാണ് ഉണ്ടായത്.

15/07/2009 മുതൽ 21/06/2012 വരെയുള്ള കാലയളവ് ഇൻക്രിമെന്റ്, ഗ്രേഡ്, പെൻഷൻ, ആർജ്ജിതാവധി നേടുന്നതിനുള്ള കാലയളവ് എന്നിവയ്ക്ക് ഒന്നുംതന്നെ പരിഗണിക്കുന്നതല്ല. ശ്രീമതി. ഷമീമ കെ.ടി.യുടെ 22//06/2012 മുതൽ 28/01/2016 വരെയുള്ള കാലയളവ് സർക്കാർ ഉത്തരവ് (കൈ)നം.119/2018/പൊ.വി.വ. തീയതി 23/08/18, സർക്കാർ പരിപത്രം നം.ജെ2/48/18/പൊ.വി.വ. തീയതി 24/10/2018 എന്നിവയുടെ അടിസ്ഥാനത്തിൽ നോൺ ഡ്യൂട്ടി ആയി കണക്കാക്കുകയാണ് ഉണ്ടായത്. ഈ കാലയളവിൽ എസ്.എസ്.എ.യിൽ നിന്നും കൈപ്പറ്റിയ പ്രതിഫലം ഒഴികെ മറ്റ് യാതൊരു സർവ്വീസ് ആനുകല്യങ്ങൾക്കും അർഹതയില്ല.

29/01/2016-ലെ സ.ഉ.(പി)നം.29/2016/പൊ.വി.വ. പ്രകാരം 29/01/2016 മുതൽ സംരക്ഷണത്തിന് അർഹതയുണ്ട് എന്നതിനാൽ ശമ്പളവും അനുബന്ധ അലവൻസുകളും ടിയാരി കൈപ്പറ്റിയിട്ടുണ്ട്. പിന്നീട് കരിങ്ങനാട് കെ.എം.എൽ.പി.സ്കൂളിലെ എൽ.പി.എസ്.ടി ശ്രീമതി.വി.പി.സുഹറ 31/05/2019-ന് സേവനത്തിൽ നിന്നും

വിരമിച്ചതിനെ തുടർന്ന് ഉണ്ടായ ഒഴിവിലേക്ക് ടിയാരിയെ 11/06/2020-ലെ പാലക്കാട് വിദ്യാഭ്യാസ ഉപഡയറക്ടറുടെ ബി3/6528/2019 ഉത്തരവ് പ്രകാരം തിരിച്ച് വിളിക്കുകയാണ് ഉണ്ടായത്. മേൽ ഉത്തരവിന്റെ അടിസ്ഥാനത്തിൽ 17/06/20-ന് പട്ടാമ്പി ബി.ആർ.സി.യിൽ നിന്നും റിലീവ് ചെയ്യുകയും 18/06/20-ന് മാതൃവിദ്യാലയമായ കരിങ്ങനാട് കെ.എം.എൽ.പി.എസ്.ൽ തിരികെ സേവനത്തിൽ പ്രവേശിക്കുകയുമാണ് ഉണ്ടായത്. ഈ വിഷയത്തിൽ സർക്കാർ തലത്തിൽ തീരുമാനം കൈക്കൊള്ളേണ്ടതാണ് എന്നുള്ളതിനാൽ ഈ കാര്യാലയത്തിൽ നിന്ന് മേൽ നടപടി സ്വീകരിക്കാൻ നിർവ്വാഹമില്ല എന്ന് അറിയിക്കുന്നു.

**4. പൊതുവിദ്യാഭ്യാസ ഡയറക്ടർ ഇപ്രകാരം റിപ്പോർട്ട് ചെയ്തിരിക്കുന്നു:**

പാലക്കാട് ജില്ലയിലെ പട്ടാമ്പി ഉപജില്ലാ വിദ്യാഭ്യാസ ആഫീസിന്റെ പരിധിയിലുള്ള കരിങ്ങനാട് കെ.എം.എൽ.പി.സ്കൂളിലെ എൽ.പി.എസ്.ടി ശ്രീമതി.ഷമീമ കെ.ടി. സേവനത്തിൽ നിന്നും പുറത്ത് നിന്ന കാലഘട്ടത്തിലെ (15/0/7/2009 മുതൽ 25/06/2012 വരെയുള്ളത്) ശമ്പളവും മറ്റ് അലവൻസുകളും നൽകണം എന്ന് ആവശ്യപ്പെട്ടാണ് ടിയാരി WPC No. 7090/2024 ഫയൽ ചെയ്തിരിക്കുന്നത്.

ശ്രീമതി.ഷമീമ കെ.ടി. 02/06/2003-ന് കരിങ്ങനാട് കെ.എം.എൽ.പി. സ്കൂളിലെ എൽ.പി.എസ്.ടി. തസ്തികയിൽ സേവനത്തിൽ പ്രവേശിച്ചു. പിന്നീട് 2009-10 അധ്യയന വർഷത്തിലെ തസ്തികനിർണ്ണയത്തിൽ ഒരു എൽ.പി.എസ്.ടി. തസ്തിക നഷ്ടപ്പെട്ടതിനെ തുടർന്ന് ടിയാരിക്ക് നിലനിൽക്കാൻ തസ്തിക ഇല്ലാത്തിനാലും സംരക്ഷണത്തിന് അർഹതതയില്ലാത്തതിനാലും 15/07/2009-ന് സേവനത്തിൽ നിന്നും പുറത്തായി.

പിന്നീട് പാലക്കട് വിദ്യാഭ്യാസ ഉപഡയറക്ടറുടെ ഉത്തരവ് പ്രകാരം ടിയാരിയെ പട്ടാമ്പി ബി.ആർ.സി.യിൽ ക്ലസ്റ്റർ കോർഡിനേറ്റർ ആയി നിയമിച്ചു.

ശ്രീമതി.ഷമീമ കെ.ടി.യുടെ തസ്തിക നഷ്ടപ്പെട്ട തീയതിയായ 15/07/2009 മുതൽ ക്ലസ്റ്റർ കോ-ഓർഡിനേറ്റർ ആയി സേവനം ആരംഭിക്കുന്ന 21/06/2012 വരെയുള്ള കാലയളവ് സ.ഉ.(കൈ) നം.119/2018/പൊ.വി.വ. തീയതി 23/08/18 ഖണ്ഡിക(2), സർക്കാർ പരിപത്രം നം. ജെ2/48/18/പൊ.വി.വ. തീയതി 24/10/18 ഖണ്ഡിക (1) എന്നിവയിലെ വ്യവസ്ഥകൾക്ക് വിധേയമായി ശൂന്യവേതനാവധിയായി കണക്കാക്കിയതിനാൽ 15/07/2009 മുതൽ 21/06/2012 വരെയുള്ള കാലയളവ് ഇൻക്രിമെന്റ്, ഗ്രേഡ്, പെൻഷൻ, ആർജ്ജിതാവധി നേടുന്നതിനുള്ള കാലയളവ് എന്നിവയ്ക്ക് ഒന്നും തന്നെ പരിഗണിക്കുന്നതല്ല എന്ന് AEO റിപ്പോർട്ട് ചെയ്തിരിക്കുന്നു.

ശ്രീമതി.ഷമീമ കെ.ടി.യുടെ 22/06/2012 മുതൽ 28/01/2016 വരെയുള്ള കാലയളവ് സർക്കാർ ഉത്തരവ് (കൈ)നം.119/2018/പൊ.വി.വ. തീയതി 23/08/18, സർക്കാർ പരിപത്രം നം.ജെ2/48/18/പൊ.വി.വ. തീയതി 24/10/2018 എന്നീ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ നോൺ ഡ്യൂട്ടി ആയി കണക്കാക്കിയിട്ടുണ്ട് എന്നും, ടി കാലയളവിൽ എസ്.എസ്.എ.യിൽ നിന്നും കൈപ്പറ്റിയ പ്രതിഫലം ഒഴികെ മറ്റ് യാതൊരു സർവ്വീസ് ആനുകൂല്യങ്ങൾക്കും അർഹതയില്ല എന്നും AEO റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

29/01/2016-ലെ സ.ഉ.(പി)നം.29/2016/പൊ.വി.വ. പ്രകാരം

29/01/2016 മുതൽ സംരക്ഷണത്തിന് അർഹതയുള്ളതിനാൽ ശമ്പളവും അനുബന്ധ അലവൻസുകളും ടിയാരി കൈപ്പറ്റിയിട്ടുണ്ട് എന്ന് AEO റിപ്പോർട്ട് ചെയ്തിരിക്കുന്നു.

പിന്നീട് കരിങ്ങനാട് കെ.എം.എൽ.പി.സ്കൂളിലെ എൽ.പി.എസ്.ടി ശ്രീമതി.വി.പി.സുഹറ 31/05/2019-ന് സേവനത്തിൽ നിന്നും വിരമിച്ചതിനെ തുടർന്ന് ഉണ്ടായ ഒഴിവിലേക്ക് പാലക്കാട് വിദ്യാഭ്യാസ ഉപഡയറക്ടറുടെ 11/06/2020-ലെ ബി3/6528/2019 ഉത്തരവ് പ്രകാരം ടിയാരിയെ മാതൃസ്കൂളിലേക്ക് തിരികെ വിളിച്ചു. ടി ഉത്തരവിന്റെ അടിസ്ഥാനത്തിൽ 17/06/2020-ന് പട്ടാമ്പി ബി.ആർ.സി.യിൽ നിന്നും റിലീവ് ചെയ്യുകയും 18/06/20-ന് മാതൃവിദ്യാലയമായ കരിങ്ങനാട് കെ.എം.എൽ.പി.എസ്.ൽ തിരികെ സേവനത്തിൽ പ്രവേശിക്കുകയും ചെയ്തു.

ശ്രീമതി.ഷമീമ കെ.ടി. സേവനത്തിൽ നിന്നും പുറത്ത് നിന്ന 15/07/2009 മുതൽ 25/06/2012 വരെയുള്ള കാലഘട്ടത്തിലെ ശമ്പളവും മറ്റ് അലവൻസുകളും നൽകണം എന്ന് ആവശ്യപ്പെട്ടാണ് ടിയാരി WP(C)No.7090/2024 ഫയൽ ചെയ്തിരിക്കുന്നത്. ഈ വിഷയത്തിൽ സർക്കാർ തലത്തിൽ തീരുമാനം എടുക്കുന്നതിനായി മേൽ വിവരങ്ങൾ സർക്കാരിൽ റിപ്പോർട്ട് ചെയ്യുന്നു.

**5.** സർക്കാർ ഇക്കാര്യം ഹർജിക്കാരിയുടെ വാദങ്ങളുടെയും സമർപ്പിച്ച രേഖകളുടെയും വിദ്യാഭ്യാസ ഓഫീസർമാരുടെ റിപ്പോർട്ടിന്റെയും നിലവിലുള്ള ചട്ടങ്ങളുടെയും സർക്കാർ ഉത്തരവുകളുടെയും വെളിച്ചത്തിൽ വിശദമായി പരിശോധിച്ചു. ഹർജിക്കാരി സർവ്വീസിൽ നിന്നും റിട്രെഞ്ച്ഡ് ആയ 15.07.2009 മുതൽ 21.06.2012 വരെയുള്ള കാലയളവ് പെൻഷനും മറ്റ് ആനുകൂല്യങ്ങൾക്കും പരിഗണിക്കണമെന്നതാണ് ഹർജിയിലെ ആവശ്യം. ഹർജിക്കാരി എൽ.പി.എസ്.ടി. ആയി സേവനം ആരംഭിച്ചത് 02.06.2003-ലാണ്. 2009-2010 വർഷത്തെ തസ്തികനിർണ്ണയത്തിൽ തസ്തിക നഷ്ടപ്പെടുകയും സംരക്ഷണത്തിന് അർഹതയില്ലാത്തതിനാൽ 15.07.2009-ന് സേവനത്തിൽ നിന്ന് പുറത്താവുകയും ചെയ്തു. 22.06.2012 മുതൽ 28.01.2016 വരെ ടിയാരിയെ പട്ടാമ്പി BRC-യിൽ കോ-ഓർഡിനേറ്ററായി നിയമിച്ചു. 15.07.2009 മുതൽ 21.06.2012 വരെയുള്ള കാലയളവ് G.O.(Ms)No.119/2018/GEDN dated 23.08.2018 ഖണ്ഡിക (2), സർക്കുലർ നം. J2/48/2018/GEDN dated 24.10.2018 ഖണ്ഡിക (1) എന്നിവ പ്രകാരം ശൂന്യവേതനാവധിയായി കണക്കാക്കിയിട്ടുണ്ട്. ടി കാലയളവ് ഇൻക്രിമെന്റ്, പെൻഷൻ ആനുകൂല്യങ്ങൾ എന്നിവയ്ക്ക് കണക്കാക്കുന്നതല്ല. ടിയാരിയുടെ 22.06.2012 മുതൽ 28.01.2016 വരെയുള്ള ക്ലസ്റ്റർ കോ-ഓർഡിനേറ്റർ കാലയളവ് നോൺ ഡ്യൂട്ടിയായി ക്രമീകരിച്ചിട്ടുണ്ട്. ഈ കാലയളവിൽ SSA-യിൽ നിന്നും കൈപ്പറ്റിയ പ്രതിഫലം ഒഴികെ മറ്റൊരു സർവ്വീസ് ആനുകൂല്യങ്ങൾക്കും അർഹതയില്ല. G.O.(P)No.29/2016/GEDN dated 29.01.2016 പ്രകാരം 29.01.2016 മുതൽ സംരക്ഷണത്തിന് അർഹതയുള്ളതിനാൽ ടിയാരിക്ക് ശമ്പളവും അലവൻസുകളും നൽകിയിട്ടുണ്ട്. മാതൃസ്കൂളിലെ LPST ശ്രീമതി. വി.പി. സുഹറ 31.05.2019-ന് വിരമിച്ച ഒഴിവിൽ ഹർജിക്കാരി 18.06.2020 തീയതിയിൽ സ്കൂളിൽ തിരികെ പ്രവേശിപ്പിച്ചിട്ടുണ്ട്.

**6.** മേൽ സാഹചര്യത്തിൽ, നിലവിലുള്ള ചട്ടങ്ങളും സർക്കാർ ഉത്തരവുകളും പ്രകാരം റീട്രെഞ്ച്ഡ് കാലയളവ് പെൻഷനും മറ്റ് സർവ്വീസ് ആനുകൂല്യങ്ങൾക്കും കണക്കാക്കുകയില്ല എന്നതിനാൽ പാലക്കാട് ജില്ലയിലെ കരിങ്ങനാട് കെ.എം.എ.എൽ.പി. സ്കൂളിലെ ലോവർ പ്രൈമറി സ്കൂൾ ടീച്ചർ തസ്തികയിൽ സേവനം അനുഷ്ഠിക്കുന്ന ശ്രീമതി. ഷമീമ കെ.റ്റി.യുടെ 15.07.2009 മുതൽ 21.06.2012 വരെയുള്ള റീട്രെഞ്ച്ഡ് കാലയളവ് പെൻഷനും മറ്റ് സർവ്വീസ് ആനുകൂല്യങ്ങൾക്കും കണക്കാക്കണമെന്ന പരാമർശം 1 പരിശോധനാ ഹർജിയിലെ(എക്സിബിറ്റ് പി4) ആവശ്യം നിരസിച്ച് ടി ഹർജി തീർപ്പാക്കി, അപ്രകാരം ബഹു. കേരള ഹൈക്കോടതിയുടെ പരാമർശം 2 വിധിന്യായം നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

REENA O

അണ്ടർ സെക്രട്ടറി

പകർപ്പ്:-

അഡ്വക്കേറ്റ് ജനറൽ, എറണാകുളം (ആമുഖ കത്ത് സഹിതം)

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.

ജില്ലാ വിദ്യാഭ്യാസ ഓഫീസർ, പാലക്കാട്.

മാനേജർ, കെ.എം.എ.എൽ.പി. സ്കൂൾ, കരിങ്ങനാട്, പാലക്കാട്.

പ്രഥമാദ്ധ്യാപകൻ, കെ.എം.എ.എൽ.പി. സ്കൂൾ, കരിങ്ങനാട്, പാലക്കാട്.

ശ്രീമതി. ഷമീമ കെ.റ്റി., ലോവർ പ്രൈമറി സ്കൂൾ ടീച്ചർ കെ.എം.എ.എൽ.പി. സ്കൂൾ, കരിങ്ങനാട്, പാലക്കാട്.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ( എ&ഇ, ആഡിറ്റ്), തിരുവനന്തപുരം.

വിവര പൊതുജന സമ്പർക്ക (വെബ്ബ് & ന്യൂ മീഡിയ) വകുപ്പ് (സർക്കാർ വെബ്ബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

കരുതൽ ഫയൽ / ഓഫീസ് പകർപ്പ്.(B3/128/2024)

ഉത്തരവിൻ പ്രകാരം

Signed by
Shahnakumari S L
Date: 08-07-2024 14:54:49

സെക്ഷൻ ഓഫീസർ